**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നീക്കിവയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക നീക്കിവയ്ക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **27.07.2023 ലെ സ.ഉ.(സാധാ) നം. 371/2023/ ടൂറിസം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഉത്തരവ് ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക നീക്കിവെക്കാൻ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | **27.07.2023 ലെ സ.ഉ.(സാധാ) നം. 371/2023/ ടൂറിസം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

സ.ഉ.(സാധാ) നം.371/2023/TSM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി- വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ)വകുപ്പ്**

സ.ഉ.(സാധാ) നം.371/2023/TSM തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-
1. 21.12.2021 ലെ സ.ഉ.(കൈ)നം.24/2021/ടൂറിസം.
2. 22.02.2022 ലെ സ.ഉ.(കൈ)നം.5/2022/ടൂറിസം.
3. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 16.04.2023ലെ P8-8488/2021 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആരംഭിച്ച പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച് ".

2. നിലവിൽ വിനോദസഞ്ചാര വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി ടി പദ്ധതിക്കാവശ്യമായ ധനവിനിയോഗം കണ്ടെത്തേണ്ടതാണെന്നും പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) തുക നിലവിൽ വകുപ്പും ശേഷിക്കുന്ന 40% തുക അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നോ അല്ലെങ്കിൽ സ്പോൺസർഷിപ്പ് മുഖേനയും വഹിക്കേണ്ടതാണെന്നും പരാമർശം(1)പ്രകാരമുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഫണ്ടിനോടൊപ്പം ബഹു.എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി ടി പദ്ധതിയിൽ ഉപയോഗപ്പെടുത്തിയാൽ എം.എൽ.എമാരുടെ പങ്കാളിത്തം വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം കൂടുതൽ വ്യാപിപ്പിക്കാൻ സാധിക്കുമെന്നും ആയതിനാൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിനോടൊപ്പം എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ട് കൂടി ഉപയോഗിക്കാനുള്ള അനുമതി ലഭ്യമാക്കണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൻ കീഴിലുള്ള പദ്ധതികൾ ക്കായി വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാനും, വിനിയോഗിക്കുന്ന തുക പദ്ധതി

തുകയുടെ 40%-ൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടു കൂടിയും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം

ധനകാര്യ(എൻ.സി-ബി) വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്

ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ)വകുപ്പ്

(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 29-07-2023 10:17:41

സെക്ഷൻ ഓഫീസർ

പകർപ്പ്

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്